A

GI 505

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ II 2025-2026

## സാമൂഹ്യശാസ്ത്രം - വിലയിരുത്തൽ സൂചകങ്ങൾ

ക്ലാസ്: 5 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

**അധ്യാപകർക്കുള്ള നിർദേശങ്ങൾ**

| ശതമാനം | ഗ്രേഡ് |
|---|---|
| 80-100 | A - Outstanding |
| 60-79 | B – Very Good |
| 40-59 | C - Good |
| 30-39 | D - Satisfactory |
| 30ൽ താഴെ | E – Needs Improvement |

- 6 ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.
- 2, 5ചോദ്യങ്ങൾക്ക് ഇന്റേണൽ ചോയ്സുണ്ട്. ഇന്റേണൽ ചോയ്സുള്ള ചോദ്യങ്ങളിൽ A, Bഎന്നീ പിരിവുകളിൽ ഒന്നിനുമാത്രം ഉത്തരം എഴുതിയാൽ മതി.
- ഓരോ ചോദ്യവും വിലയിരുത്തി ഗ്രേഡ് a, b, c, d, e രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് വിഷയത്തിന്റെ ഓവറോൾ ഗ്രേഡ് നൽകണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ കൊടുക്കേണ്ടതാണ്.

**1.A പഠനലക്ഷ്യം**

ക്ലാസ്, സ്കൂൾ, വീട് തുടങ്ങിയവയുടെ സ്ഥാനം, ദിശ എന്നിവ നിരീക്ഷിച്ച് അവയുടെ രൂപരേഖ തയ്യാറാക്കുന്നതിന്

a) A. തെക്ക് B. നദി

C. കിഴക്ക് D. വിമാനത്താവളം 4

b) A............... 1

**2.A പഠനലക്ഷ്യം**

കര-ജല-വ്യോമ ഗതാഗത സംവിധാനങ്ങളുടെ ചരിത്രവും വികാസവും ജനജീവിതത്തിൽ വരുത്തിയ പുരോഗതികളെക്കുറിച്ച് വിവിധ സ്രോതസുകൾ വഴി വിവരങ്ങൾ ശേഖരിച്ച് പരസ്പരബന്ധം കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.

a)

| ജലഗതാഗതം | കരഗതാഗതം |
|---|---|
| ചെലവ് കുറവ് | എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാകുന്നു |
| മലിനീകരണം കുറവ് | ഹ്രസ്വദൂര യാത്രക്കാർക്ക് പ്രയോജനം |
| ഭൂഖണ്ഡങ്ങളിലേക്ക് യാത്ര സാധിക്കുന്നു | കൂടുതൽ ചരക്ക് നീക്കം നടത്താൻ കഴിയും |

(രണ്ട് വിഭാഗങ്ങളിലും കൂടി 4 പോയിന്റ് എഴുതിയിട്ടുണ്ടെങ്കിൽ) 4

b) C - വേഗത കൂടിയ ഗതാഗതമാർഗം 1

**അല്ലെങ്കിൽ**

**2. B പഠനലക്ഷ്യം**

കര-ജല-വ്യോമ ഗതാഗത സംവിധാനങ്ങളുടെ ചരിത്രവും, വികാസവും ജനജീവിതത്തിൽ വരുത്തിയ പുരോഗതികളെക്കുറിച്ച് വിവിധ സ്രോതസ്സുകൾ വഴി വിവരങ്ങൾ ശേഖരിച്ച് പരസ്പരബന്ധം കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.

a)
- പാർക്കിംഗ് സംവിധാനങ്ങളുടെ പരിമിതി
- ശബ്ദമലിനീകരണം
- ഗതാഗത കുരുക്ക്
- ആരോഗ്യപ്രശ്നങ്ങൾ

തുടങ്ങി അനുയോജ്യമായ മൂന്നെണ്ണം 3

b) പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുക

സൈക്കിൾ പോലുള്ള വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക - തുടങ്ങിയ അനുയോജ്യമായ രണ്ട് നിർദേശങ്ങൾ 2

**3.** പഠനലക്ഷ്യം

കേരളം, ഇന്ത്യ, ലോകം എന്നിവയുടെ വ്യത്യസ്ത ഭൂപടങ്ങൾ നിരീക്ഷിച്ച് അംഗീകൃത നിറങ്ങൾ, ചിഹ്നങ്ങൾ, അടയാളങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വിശകലനം നടത്തി നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.

a) ഏതെങ്കിലും ഒരു സംസ്ഥാനത്തിന്റെ തിരിച്ചറിയൽ കാർഡ് (സൂചകങ്ങളെല്ലാം ഉൾപ്പെടുത്തി) തയാറാക്കിയിട്ടുണ്ടെങ്കിൽ 4

b) D. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ 1

**4.** പഠനലക്ഷ്യം

വസ്ത്രം രൂപപ്പെട്ടുവന്ന ചരിത്രം, തൊഴിലിനും കാലാവസ്ഥയ്ക്കും വസ്ത്രധാരണവുമായുള്ള ബന്ധം, വസ്ത്രനിർമാണത്തിൽ വന്ന മാറ്റങ്ങൾ, വസ്ത്രധാരണത്തിലെ വൈവിധ്യം, വസ്ത്രധാരണത്തിലെ വിവേചനങ്ങൾ, വസ്ത്രത്തെ ഒരു സമരായുധമാക്കിയ ചരിത്രം എന്നിവയെക്കുറിച്ച് വിവിധ സ്രോതസുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുക.

A. ആദ്യകാലത്ത് ഇലകൾ, മരവുരി, മൃഗത്തോൽ തുടങ്ങിയവ കൊണ്ട് വസ്ത്രധാരണം നടത്തിയിരുന്ന മനുഷ്യൻ ശരീരസംരക്ഷണത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്. തുടർന്ന് ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ വസ്ത്രധാരണത്തിൽ സ്വാധീനം ചെലുത്തി പിന്നീട് മാറിമാറി വന്ന സൗന്ദര്യസങ്കല്പങ്ങളും, സാംസ്കാരിക വൈവിധ്യവും വസ്ത്രധാരണത്തെ സ്വാധീനിച്ചു. യന്ത്രങ്ങളുടെയും കൃത്രിമ നാരുകളുടെയും, പ്രകൃതിദത്ത നാരുകളുടെയും ഉപയോഗം വസ്ത്രനിർമ്മാണത്തിൽ സ്വാധീനം ചെലുത്തുകയും മനുഷ്യന്റെ താൽപര്യത്തിനനുസരിച്ച് വസ്ത്രനിർമ്മാണം സാധ്യമാക്കുകയും ചെയ്തു. സമാനമായ മറ്റു വിവരങ്ങളും പരിഗണിക്കാം. കാലാവസ്ഥ ശരീരസംരക്ഷണം വസ്ത്രവൈവിധ്യം എന്നിവയുടെ മാറ്റത്തിനനുസരിച്ച് വസ്ത്രനിർമ്മാണത്തിനുപയോഗിക്കുന്ന ഉപകരണങ്ങളിലും മാറ്റങ്ങൾ വന്നു. കല്ലുകൊണ്ടുള്ള ഉപകരണം തുടങ്ങി ആധുനിക യന്ത്രങ്ങളിലേക്കുള്ള മാറ്റങ്ങൾ കൂടി സൂചിപ്പിക്കണം. 5

**5.A** പഠനലക്ഷ്യം

ജനാധിപത്യത്തിന്റെ ഉദ്ഭവം, നിർവചനം, വ്യാപ്തി, പ്രാധാന്യം ജനാധിപത്യ സമൂഹങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിയുക.

സൂചകങ്ങൾ

a)
- വീട്ടിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ എന്റെ അഭിപ്രായം പരിഗണിക്കും.
- പൊതുവാഹനം വൃത്തിയായി സൂക്ഷിക്കും.
- കളിനിയമങ്ങൾ പാലിച്ചാണ് ഞാൻ കളിക്കാറുള്ളത്.
- ഗതാഗത നിയമങ്ങൾ പാലിക്കും 4

b) A .ആസ്ട്രേലിയ 1

**അല്ലെങ്കിൽ**

**5. B** പഠനലക്ഷ്യം

ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം, പ്രായപൂർത്തി വോട്ടവകാശം, തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ എന്നിവയെക്കുറിച്ച് ധാരണനേടുകയും ജനാധിപത്യ പ്രക്രിയയുടെ ഭാഗമാക്കുകയും ചെയ്യുന്നതിന്.

a)
- സ്വതന്ത്രവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ്
- സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ
- ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കാണ് പരമമായ അധികാരം
- നിയമത്തിനു മുന്നിൽ എല്ലാവർക്കും തുല്യത ഉറപ്പുവരുത്തുന്ന നിയമവാഴ്ച.

(തുടങ്ങി അനുയോജ്യമായ ആശയങ്ങൾ ഉൾപ്പെടുന്ന നാല് പ്ലക്കാർഡുകൾ എഴുതിയാൽ) 4

b) A (വേസ്റ്റ് ബാസ്കറ്റിൽ മാലിന്യം നിക്ഷേപിക്കുന്നു.) 1

**6** പഠനലക്ഷ്യം

കാലാവസ്ഥയും ഭൂപ്രകൃതിയും വിഭവങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് വിശദീകരിക്കുകയും വിഭവങ്ങളും മനുഷ്യജീവിതവും തമ്മിലുള്ള പാരസ്പര്യം സ്വാംശീകരിച്ച് വിഭവങ്ങൾ കരുതലോടെ ഉപയോഗിക്കുവാനും പരിപാലിക്കുവാനും അവ സംരക്ഷിക്കുവാനുമുള്ള മനോഭാവം രൂപപ്പെടുത്തുന്നതിന്.

a. അനുയോജ്യമായ പ്രതികരണങ്ങൾ കുട്ടികൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2

b. അറിയിപ്പ് ബോർഡിലെ വാചകങ്ങൾ അനുയോജ്യമായ രീതിയിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ 2

c. B. കബനി, ഭവാനി, പാമ്പാർ 1